# പുണ്യം വരുന്ന വഴികൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ : كُلُّ سُلاَمَى مِنَ النَّاسِ عَلَيْهِ صَدَقَةٌ ، كُلُّ يَوْمٍ تَطْلُعُ فِيهِ الشَّمْسُ تَعْدِلُ بَيْنَ اثْنَيْنِ صَدَقَةٌ ، وَتُعِينُ الرَّجُلَ فِي دَابَّتِهِ فَتَحْمِلُ لَهُ عَلَيْهَا أَوْ تَرْفَعُ لَهُ عَلَيْهَا مَتَاعَهُ صَدَقَةٌ ، وَالْكَلِمَةُ الطَّيِّبَةُ صَدَقَةٌ ، وَبِكُلِّ خُطْوَةٍ تَمْشِيهَا إِلَى الصَّلاَةِ صَدَقَةٌ ، وَتُمِيطُ الأَذَى عَنِ الطَّرِيقِ صَدَقَةٌ

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: പ്രവാചകൻ(സ) പറഞ്ഞു: "ജനങ്ങളിൽനിന്ന് ഓരോരുത്തർക്കും ദിനേന ചെയ്യാൻ കഴിയുന്ന ചില പുണ്യങ്ങളുണ്ട്. രണ്ടു സഹോദരങ്ങൾക്കിടയിൽ നീതിപാലിച്ച് രഞ്ജിപ്പുണ്ടാക്കുന്നത് പുണ്യമാണ്. തന്റെ വാഹനത്തിൽ മറ്റൊരു സഹോദരനെ കൂടി കയറ്റുന്നത്, അല്ലെങ്കിൽ അവന്റെ സാധനങ്ങൾ തന്റെ വാഹനത്തിലേറ്റി അവനെ സഹായിക്കുന്നത് പുണ്യമാണ്. നല്ല വാക്കുകൾ പുണ്യമാണ്. നമസ്കാരത്തിനായി ചവിട്ടുന്ന ഓരേ കാലടിയും പുണ്യമാണ്. വഴിയിൽ നിന്ന് ഉപദ്രവങ്ങൾ നീക്കുന്നതും പുണ്യമാണ്." (ബുഖാരി, മുസ്‌ലിം)**

**നിസ്സാരമായ** പ്രയത്നത്തിലൂടെ നേടാൻ ദിനേന നമുക്ക് കഴിയുന്ന ചില പുണ്യങ്ങൾ നബി(സ) നമ്മെ പഠിപ്പിക്കുന്നു. മനുഷ്യന് മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും നാം ചെയ്യുന്ന ഉപകാരങ്ങൾ വളരെ വിലപ്പെട്ടതാണ്. അല്ലാഹുവിന്റെ സന്നിധിയിൽ പ്രതിഫലം നൽകപ്പെടുന്ന അത്തരം കർമങ്ങൾക്കുള്ള ഒരു അവസരവും നാം പാഴാക്കിക്കൂടാ.

സ്നേഹിതന്മാർ, അയൽവാസികൾ, ബന്ധുക്കൾ, ഭാര്യാ ഭർത്താക്കന്മാർ, സ്ഥാപന മേധാവികൾ, സഹപ്രവർത്തകർ എന്നിവർക്കിടയിലെല്ലാം വാക്കുകളിലും പ്രവൃത്തികളിലും അനിഷ്ടകരമായതു വന്നു ചേരുമ്പോൾ പിണങ്ങുകയും കയർത്ത് സംസാരിക്കുകയുമൊക്കെ സാധാരണ സംഭവിക്കാറുള്ളതാണ്. അതിനെ തുടർന്നുണ്ടാകുന്ന മാനസികമായ അകൽച്ച നീണ്ടു പോകുംതോറും മനസ്സിൽ വെറുപ്പും വിദ്വേഷവും അടിഞ്ഞു കൂടുന്നു. പരസ്പര ശത്രുതയായിരിക്കും അതിന്റെ അനിവാര്യ ഫലം.

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതു പരിഹരിക്കാനും സൗഹൃദ സംഭാഷണങ്ങളിലൂടെ രഞ്ജിപ്പിലെത്തിക്കാനും നേതാക്കന്മാർക്കും സുഹൃത്തുക്കൾക്കും കുടുംബനാഥന്മാർക്കും ഇരുപക്ഷത്തുമുള്ള മധ്യസ്ഥർക്കും മേധാവികൾക്കും ബാധ്യതയുണ്ട് (*അൽ ഹുജുറാത്ത്* 10). ഇതൊരു സാമൂഹിക ബാധ്യത കൂടിയാണ്.

എന്നാൽ, പിണങ്ങിക്കഴിയുന്നവരെ അതേ നിലയിൽ കൈയൊഴിക്കുകയാണ് മധ്യസ്ഥതക്ക് കഴിവുള്ളവരും കടപ്പെട്ടവരും പലപ്പോഴും ചെയ്യുന്നത്. അതിലിടപെട്ട് അവരുടെ വെറുപ്പുകൂടി എന്തിനു സമ്പാദിക്കണം എന്നാണ് പലരുടെയും ചിന്ത.

തെറ്റുകൾ മനസ്സിലാക്കി മാപ്പ് ചോദിക്കുന്നവരോട് ക്ഷമിക്കാൻ പോലും കൂട്ടാക്കാത്ത ധാർഷ്ട്യമുള്ളവരും നമ്മുടെയിടയിലുണ്ട്. മാപ്പു കൊടുത്താൽ തങ്ങൾ ചെറുതായിപ്പോകുമെന്നാണ് പലരുടെയും വിചാരം. എന്നാൽ, ഏറ്റവും വലിയവനായ അല്ലാഹു ഏറെ പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനുമാണ്.

വാഹനമില്ലാതെ വഴിയരികിൽ വളരെ നേരം കാത്തുനിന്നു മടുക്കുന്നവരെ തന്റെ വാഹനത്തിൽ കയറ്റി സഹയാത്രികനാക്കുന്നത് ഒരു വലിയ സേവനമാണ്. യാത്രയുടെ സന്ദർഭവും ഉദ്ദേശ്യവും വിലപ്പെട്ടതാകുമ്പോൾ അതിനുള്ള പ്രതിഫലത്തിന്റെ തോതും വർധിക്കുന്നു. പരിക്കേറ്റവന്റെയോ രോഗിയുടെയോ ജീവൻ രക്ഷിക്കാൻ കഴിഞ്ഞാൽ അതൊരു മഹൽകൃത്യവുമാണ്. അതിന് പ്രതിഫലം തരുന്നവനോ, മതിയാകുന്നത്ര തരാൻ കഴിവുള്ളവനായ അല്ലാഹുവുമാണ്. യാത്രക്കാരന്റെ ലഗേജ്, കച്ചവടച്ചരക്കുകൾ തുടങ്ങിയവ തന്റെ വാഹനത്തിൽ കയറ്റുന്നതും ആവശ്യക്കാരനെ കണ്ടെത്തി ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതും പുണ്യമാകുന്നു.

നല്ല വാക്കുകൾ പറഞ്ഞ് സന്തോഷിപ്പിക്കുന്നതും ഗുണകരമായ കാര്യങ്ങൾ ഉപദേശിക്കുന്നതും സന്താപത്തിന്റെ അവസരങ്ങളിൽ ആശ്വാസ വചനങ്ങൾ ചൊരിയുന്നതും പ്രതിസന്ധിഘട്ടങ്ങളിൽ നിർദേശങ്ങൾ നൽകുന്നതും സഹോദരനോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സഹായവും പുണ്യവുമാണ്. അടിക്കടിയുണ്ടാകുന്ന പരീക്ഷണങ്ങളെ അതിജയിക്കാൻ കഴിയാതെ നട്ടം തിരിയുന്ന മനസുകൾക്ക് സാന്ത്വനമേകുന്നത് ചെറിയ കാര്യമല്ല.

പള്ളിയിലേക്ക് നമസ്കാരത്തിനായുള്ള ഓരോ ചുവടും നന്മകൾ നേടിത്തരുന്നു. വഴികൾ സഞ്ചാര യോഗ്യമാക്കുന്നതും അന്യന് വഴികൊടുത്ത് സഹായിക്കുന്നതും വഴിയിലെ ഉപദ്രവങ്ങൾ മാറ്റിക്കളയുന്നതും പുണ്യകർമം തന്നെ. ഈ ചിന്താഗതി വെച്ചു പുലർത്തുന്നവർ തങ്ങളുടെ വഴി സഹോദരനു കൂടി ഉപകാരപ്പെടുമെന്ന് മനസിലാക്കി ഗതാഗതം സുഗമമാക്കാനും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കാനും വഴിവിളക്കുകൾ സ്ഥാപിക്കാനും കുണ്ടും കുഴിയും നിറഞ്ഞ വഴികൾ തന്റെ അയൽവാസികളായ വൃദ്ധന്മാർക്കും കുട്ടികൾക്കും പ്രയോജനം ചെയ്യുന്ന തരത്തിൽ സഞ്ചാരയോഗ്യമാക്കാനും അക്കാര്യം അധികാരികളെ കണ്ട് ബോധ്യപ്പെടുത്താനും മുൻകൈ എടുക്കുന്നത് പുണ്യകരമാണ്. ■